## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *184

12.02.2020 ൽ മറുപടിക്ക്

### കെ.എസ്.ഐ.ഡി.സി.യുടെ പ്രവർത്തനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.സജി ചെറിയാൻ<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.രാജു എബ്രഹാം : | | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | സ്വകാര്യ നിക്ഷേപകരെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിന് വിവിധ നടപടികൾ സ്വീകരിച്ചിട്ടുള്ള പശ്ചാത്തലത്തിൽ വ്യവസായ പ്രോത്സാഹന ഏജൻസിയായ കെ.എസ്.ഐ.ഡി.സി. വ്യവസായ വികസനത്തിന് നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (എ) | സ്വകാര്യ നിക്ഷേപകരെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിന് വ്യവസായ പ്രോത്സാഹന ഏജൻസിയായ കെ.എസ്.ഐ.ഡി.സി വ്യവസായ വികസനത്തിന് നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു:<br><br>ഇന്ത്യയിലെ ഏറ്റവും മികച്ച വ്യവസായ സൗഹൃദ സംസ്ഥാനങ്ങളിൽ ഒന്നാക്കി കേരളത്തെ മാറ്റുകയും വലിയ തോതിൽ നിക്ഷേപം ആകർഷിക്കുക എന്ന ലക്ഷ്യത്തോടും കൂടി നടത്തിയ `ASCEND 2020' എന്ന ആഗോള നിക്ഷേപക സംഗമം സംസ്ഥാനത്തിന്റെ നിക്ഷേപാനുകൂല സാഹചര്യങ്ങളെ ഉയർത്തി കാട്ടുന്നതിൽ വിജയിച്ചിട്ടുണ്ട്. പ്രസ്തുത സംഗമത്തിലൂടെ 1,00,355.43 കോടി രൂപയുടെ നിക്ഷേപം സംബന്ധിച്ചിട്ടുള്ള വാഗ്ദാനങ്ങൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 32 എണ്ണം ധാരണാപത്രങ്ങളും 117 എണ്ണം താല്പര്യപത്രങ്ങളുമാണ്. ഇത് കൂടാതെ, കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെന്റ് ലിമിറ്റഡിന്റെ സാമ്പത്തിക സഹകരണത്തോടെയുള്ള 6 പദ്ധതികളും അബുദാബി ഇൻവെസ്റ്റ്മെന്റ് അതോറിറ്റിയുടെ 2 മെഗാ പദ്ധതികളും ഉൾപ്പെടുന്നു. പ്രസ്തുത പ്രോജക്റ്റ് പ്രൊപ്പോസലുകളിൽ പറ്റിച്ച നടപ്പിലാക്കുവാൻ പറ്റുന്നവ സമയബന്ധിതമായി നടപ്പാക്കുന്നതിലേയ്ക്കായി വ്യവസായ വകുപ്പിന്റെ കീഴിൽ |

| | | | |
|---|---|---|---|
| | | | സ.ഉ.(സാധാ)നം.105/2020/വ്യവ. തീയതി 4.2.2020 പ്രകാരം നോഡൽ ഓഫീസർമാരെ നിയമിക്കുകയും പ്രസ്തുത നോഡൽ ഓഫീസർമാർ ഇൻവെസ്റ്റ്മെന്റ് സെല്ലിനായി നിയമിച്ചിട്ടുള്ള എക്സിക്യൂട്ടീവ് ഡയറക്ടറോട് പദ്ധതികളുടെ സ്ഥിതിഗതികൾ റിപ്പോർട്ട് ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.<br><br>ഈ പശ്ചാത്തലത്തിൽ കെ.എസ്.ഐ.ഡി.സി നടപ്പിലാക്കി വരുന്ന വ്യവസായ വികസന പ്രവർത്തനങ്ങൾ കൂടി താഴെ പറയുന്നു.<br><br>• ചെറുകിട, ഇടത്തര, വൻകിട വ്യവസായങ്ങൾക്കു 3500 ലക്ഷം രൂപ വരെ ധനസഹായവും മറ്റു വിധത്തിലുള്ള പിന്തുണയും കെ.എസ്.ഐ.ഡി.സി. നല്കി വരുന്നു.<br>• ധനസഹായം വേഗത്തിൽ ലഭ്യമാക്കുന്നതിനായി ലോണുകളുടെ വ്യവസ്ഥകളും മാനദണ്ഡങ്ങളും കാലാനുസൃതമായി ലഘൂകരിച്ചിട്ടുണ്ട്.<br>• ബാങ്ക് നിരക്കുകളിലുണ്ടാവുന്ന ഏറ്റക്കുറച്ചിലുകൾ സമയബന്ധിത- മായി ഉപഭോക്താക്കൾക്ക് കൈമാറുവാൻ ലോണുകളുടെ പലിശ നിരക്ക് RBI യുടെ ബാങ്ക് നിരക്കുമായി ബന്ധപ്പെടുത്തിയിട്ടുണ്ട്. എല്ലാ സംരംഭങ്ങൾക്കുമുള്ള പുതിയ പലിശ നിരക്കുകൾ 8.40 % -10.40 % ആണ്. കൂടാതെ, ഓരോ ത്രൈമാസത്തിന്റെയും അവസാനം കുടിശ്ശിക ഇല്ലായെങ്കിൽ പലിശ നിരക്കിൽ മുക്കാൽ ശതമാനം വരെ (ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ) വീണ്ടും കുറവ് നൽകി വരുന്നു.<br>• പുതിയ ഉത്പാദന വ്യവസായങ്ങൾക്ക് കേരള ഗവണ്മെന്റിന്റെ സംരംഭകത്വ സഹായ പദ്ധതി (ESS) പ്രകാരം 30 ലക്ഷം രൂപ വരെ സഹായധനം നല്കുന്നു. |

| | | | |
|---|---|---|---|
| | | | • വ്യവസായ വികസനം ത്വരിതപ്പെടുത്തുന്നതിനായി കെ.എസ്.ഐ.ഡി.സി. യുടെ കീഴിലുള്ള വ്യവസായ പാർക്കുകളിലും ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററുകളിലും അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകിയിട്ടുണ്ട്. എല്ലാ വ്യവസായ പാർക്കുകളിലും അടിസ്ഥാന സൗകര്യങ്ങളുടെ വികസനം നടപ്പിലാക്കുവാനും പദ്ധതിയിട്ടിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി നടപ്പാക്കുന്ന ലൈഫ് സയൻസ് പാർക്ക്, മെഗാഫുഡ് പാർക്ക്, ലൈറ്റ് എഞ്ചിനീയറിങ് ഇൻഡസ്ട്രിയൽ പാർക്ക്, ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക്, കോഴിക്കോട്, കണ്ണൂർ, ആലപ്പുഴ എന്നീ പ്രദേശങ്ങളിലെ വ്യവസായ വളർച്ചാ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവയിലൂടെ വ്യവസായ വികസനം ത്വരിതപ്പെടുത്താനും കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റുവാനും സാധിക്കുന്നതാണ്.<br>• വ്യവസായ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും, വ്യവസായ പ്രവർത്തനങ്ങൾ പുരോഗമിപ്പിക്കുന്നതിനും സ്റ്റാർട്ട് അപ്പ് സംരംഭകരുടെ ഉന്നമനത്തിനായും വിവിധ സഹായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. നവവ്യവസായ സംരംഭകർക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നു തന്നെ വ്യവസായങ്ങളുടെ സംരംഭങ്ങൾക്കായി പ്രാഥമിക തലത്തിലേക്ക് വേണ്ടുന്ന സഹായ സഹകരണങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും കെ.എസ്.ഐ. ഡി.സി.. നൽകി വരുന്നുണ്ട്. എല്ലാ വ്യവസായപാർക്കുകളിലും അടിസ്ഥാന സൗകര്യങ്ങളുടെ വികസനം നടപ്പിലാക്കുവാനും പദ്ധതിയിട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | • വ്യവസായം ആരംഭിക്കുന്നതിന് പുതിയ സംരംഭകർക്കായി ഒരു ഓൺലൈൻ ഏകജാലക സംവിധാനം (കെ-സിഫ്റ്റ്) 11.02.2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. ആയതിന്റെ നോഡൽ ഏജൻസിയായും കെ.എസ്.ഐ.ഡി.സി പ്രവർത്തിച്ചു വരുന്നു. പുതിയ വ്യവസായ സംരംഭകർക്ക് 15 വകുപ്പുകൾ /ഏജൻസികൾ നൽകേണ്ട അനുമതി കാലതാമസം ഇല്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ. |
| (ബി) | തോന്നയ്ക്കലിൽ സ്ഥാപിക്കുന്ന ലൈഫ് സയൻസ് പാർക്കിന്റെ ഒന്നാംഘട്ടം പൂർത്തിയായിട്ടുണ്ടോ; രണ്ടാം ഘട്ടത്തിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടിയുടെ പുരോഗതി അറിയിക്കാമോ; | (ബി) | ഒന്നാം ഘട്ടത്തിന്റെ സ്ഥലമെടുപ്പ് 95% പൂർത്തിയായി. 6 എം.വി.എ ശേഷിയുള്ള സമർപ്പിത വൈദ്യുതി വിതരണ സംവിധാനം, 1 എംഎൽഡി വെള്ളം വിതരണം ചെയ്യാൻ പ്രാപ്തിയുള്ള സമർപ്പിത ജലവിതരണ ലൈനുകൾ, ആന്തരിക റോഡ് ശൃംഖല, ഡ്രെയിനേജ് സിസ്റ്റം മുതലായവ നൽകികൊണ്ട് തോന്നയ്ക്കലിൽ സ്ഥാപിക്കുന്ന ലൈഫ് സയൻസ് പാർക്ക് പദ്ധതിയുടെ ആദ്യ ഘട്ടത്തിലെ ഭൂവികസനവും അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും പുരോഗമിച്ചു വരുന്നു.<br>രണ്ടാം ഘട്ട വികസനത്തിനായി 123 ഏക്കർ സ്ഥലം ഏറ്റെടുക്കൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. അതിൽ 86 ഏക്കർ നിലവിൽ കെ.എസ്.ഐ.ഡി.സി യുടെ കൈവശമാണ്. രണ്ടാം ഘട്ടത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ചേർത്തല മെഗാ ഫുഡ് പാർക്കിന്റെ അടിസ്ഥാന സൗകര്യ വികസനം പൂർത്തിയായിട്ടുണ്ടോ; അനുബന്ധ വ്യവസായശാലകൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ; | (സി) | ചേർത്തല മെഗാ ഫുഡ് പാർക്കിന്റെ അടിസ്ഥാന സൗകര്യങ്ങളിൽ റോഡ്, ഡ്രെയിനേജ്, ചുറ്റുമതിൽ, ജലവിതരണ കുഴലുകൾ വൈദ്യുതി വിതരണ കേബിളുകൾ മുതലായവ പൂർത്തിയാക്കിയിട്ടുണ്ട്. കേന്ദ്രീകൃത മലിനജല സംസ്കരണ പ്ലാന്റ് പൂർത്തിയാകാനുണ്ട്. മെഗാ ഫുഡ് പാർക്കിൽ 4 വ്യവസായശാലകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | റബ്ബർ കർഷകർക്ക് ഏറെ പ്രതീക്ഷയേകുന്ന സിയാൽ മോഡൽ റബ്ബർ കമ്പനി സ്ഥാപിക്കാനുള്ള പ്രവർത്തനത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ? | (ഡി) | മൂല്യ വർദ്ധിത റബ്ബർ ഉത്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി "കേരള റബ്ബർ ലിമിറ്റഡ്" എന്ന പേരിൽ, സിയാൽ മാതൃകയിൽ, ഒരു കമ്പനി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. നിലവിൽ കമ്പനിയുടെ ഇടക്കാല എം.ഡി. യെ സർക്കാർ നിയമിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി കിറ്റ്കോയെ കൺസൾട്ടന്റായി കെ.എസ്.ഐ.ഡി.സി മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ കരട് ഡിപിആർ കിറ്റ്കോ സമർപ്പിച്ചിട്ടുണ്ട്. സിയാൽ മോഡൽ റബ്ബർ കമ്പനി സ്ഥാപിക്കുന്നതിന് ആവശ്യമായ ഭൂമി കോട്ടയം ജില്ലയിൽ ഏറ്റെടുക്കുന്നതിനായുള്ള നടപടി സ്വീകരിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**